**സർക്കാർ ഉത്തരവ്(കൈ)നം.125/പൊ.വി.വ. തീയതി 30/09/2024 പ്രകാരം**

**കലോത്സവ മാന്വലിൽ പുതുതായി ഉൾപ്പെടുത്തിയ**

**ഗോത്രനൃത്തരൂപങ്ങൾ അവതരിപ്പിക്കുന്നത് സംബന്ധിച്ച**

**പൊതുനിർദ്ദേശങ്ങൾ**

1. കാറ്റഗറി-3 (ഹൈസ്കൂൾ), കാറ്റഗറി-4 (ഹയർ സെക്കന്ററി) എന്നീ 2 കാറ്റഗറികളിലും മത്സരം നടത്താം.
2. 15 മിനിട്ട് വരെ സമയം അവതരണത്തിന് അനുവദിക്കേണ്ടതാണ്. ഗ്രൂപ്പ് ഇനമായിട്ടാണ് മത്സരങ്ങൾ നടത്തേണ്ടത്.
3. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേറെവേറെ മത്സരം ഇല്ല. പൊതുമത്സരം ആയി നടത്തേണ്ടതാണ്. ആൺ-പെൺകുട്ടികൾ ഇടകലർന്നതോ അല്ലാത്തതോ ആയ രീതിയിൽ നൃത്തം ആവാം.
4. നൃത്തത്തിന് അനുസരിച്ച് 10 മുതൽ 12 വരെ കുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ് (വാദ്യക്കാർ ഉൾപ്പെടെ). വാദ്യക്കാരുടെ എണ്ണം പരമാവധി 4 ആയിരിക്കണം.
5. വാദ്യക്കാരായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പങ്കെടുക്കാം.
6. ഗോത്ര നൃത്തത്തിൽ വാദ്യവും നൃത്തത്തിന്റെ ഭാഗമായതിനാൽ വാദ്യവും പാട്ടും നേരിട്ട് വേദിയിലോ അല്ലെങ്കിൽ റിക്കോർഡ് ചെയ്തോ ഉപയോഗിക്കാവുന്നതാണ്.
7. പാരമ്പര്യമായി നൃത്തത്തിന് ഉപയോഗിച്ചുവരുന്ന നിശ്ചിത എണ്ണം തനത് വാദ്യോപകരണങ്ങൾ മാത്രമെ പാടുള്ളു.
8. പാരമ്പര്യമായി അതത് ഗോത്ര സമൂഹങ്ങൾ നൃത്തത്തിൽ ഉപയോഗിച്ച് വരുന്ന ഈണവും താളവും മാത്രമേ പാടുള്ളു.
9. പാരമ്പര്യമായി നൃത്തത്തിൽ പാടിവരുന്ന തനത് ഭാഷയിലുള്ള പാട്ടുകൾ മാത്രമെ ഉപയോഗിക്കാൻ പാടുള്ളു.
10. അനുഷ്ഠാനപരമായ ചടങ്ങുകൾ വേദിയിൽ പാടില്ല.

11. പരമ്പരാഗതമായി നൃത്തത്തിന് ഉപയോഗിച്ചുവരുന്ന മേക്കപ്പ് മാത്രമെ പാടുള്ളു. ഉദാ: മംഗലംകളിയിൽ പെൺകുട്ടികളുടെ വേഷം : മുട്ടുവരെ നീളുന്ന തരത്തിൽ മുണ്ടുടുക്കുക, ബ്ലൗസിനു മുകളിൽ തുണികൊണ്ട് കുറുകെ കുഞ്ചാട്ടം കെട്ടുക. മംഗലംകളിയിൽ ആൺകുട്ടികളുടെ വേഷം: തലയിൽ തൊപ്പിപാള, കൈതണ്ട, തൊടങ്ക്, അരയിൽ പാക്ക് സഞ്ചി
12. നൃത്തത്തിന് സമുദായത്തിലെ പുരുഷന്മാരും സ്ത്രീകളും പാരമ്പര്യമായി ഉപയോഗിച്ച് വരുന്ന തനത് ആഭരണങ്ങളെ യഥാക്രമം ആൺകുട്ടികളും പെൺകുട്ടികളും ഉപയോഗിക്കാവു.
13. ഗോത്ര നൃത്തരൂപങ്ങളുടെ ജഡ്ജ് ആകേണ്ടത് പ്രസ്തുത കലാരൂപത്തെക്കുറിച്ചുള്ള അറിവും നൃത്തരൂപം അവതരിപ്പിച്ച് നൈപുണ്യം തെളിയിച്ചതും ഗോത്ര സമുദായത്തെക്കുറിച്ചും കലകളെക്കുറിച്ചും അവഗാഹമുള്ള ആളുമായിരിക്കണം.
14. മംഗലംകളിയിൽ മാവിലൻ, മലവേട്ടുവൻ എന്നീ രണ്ട് സമുദായങ്ങളുടെയും പാരമ്പര്യ ചുവടുകളും പാട്ടുകളും ഉൾപ്പെടുത്തിയാവണം അവതരിപ്പിക്കേണ്ടത്.
15. ഗോത്രനൃത്തരൂപങ്ങളായ മാവിലരുടെയും മലവേട്ടുവരുടെയും മംഗലംകളി, പണിയൻ സമുദായക്കാരുടെ വട്ടക്കളി, ഇരുളരുടെ ആട്ടവും പാട്ടും, പളളിയരുടെ പളിയ നൃത്തം, മലപുലയരുടെ ആട്ടം എന്നിവയുടെ മൂല്യ നിർണ്ണയത്തിന് പൊതു മാനദണ്ഡമാണ് സ്വീകരിക്കേണ്ടത്.

**മൂല്യനിർണയോപാധികൾ**

1. തനത് വേഷവും ചമയങ്ങളും - 10 മാർക്ക്
2. പാട്ടിന്റെ/താളത്തിന്റെ തനിമ - 20 മാർക്ക്
3. തനത് ചുവടുകൾ - 30 മാർക്ക്
4. തനിമയായ നൃത്താവതരണം - 30 മാർക്ക്
5. പാരമ്പര്യ വാദ്യോപകരണങ്ങൾ - 10 മാർക്ക്

**ഇരുള നൃത്തം അഥവാ ആട്ടം പാട്ടം**

പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ നിവസിക്കുന്ന ഗോത്രവിഭാഗക്കാരായ ഇരുളരുടെ പരമ്പരാഗത നൃത്തരൂപമാണിത്. കൃഷിയോടനുബന്ധിച്ചും ജനനം, പ്രായപൂർത്തിയായവർ, വിവാഹം, ആഘോഷങ്ങൾ, മരണം എന്നിവയോടനുബന്ധിച്ചുമെല്ലാം ഇവർ നൃത്തം ആടുന്നു. കൃഷിയുമായി ബന്ധപ്പെട്ട ആഹ്ലാദനൃത്തം 'കുരുമ്പലം' എന്ന് അറിയപ്പെടുന്നു. ഓരോ അവസരത്തിനും സന്ദർഭത്തിനനുസരിച്ച് വ്യത്യസ്തയിനം പാട്ടുകളുണ്ട്. തെക്കുമല, വള്ളിവള്ളി, ദുൻപാട്ട് എന്നിവ ഇതിൽ ചിലതാണ്. തമിഴ് വാക്കുകളേറിയ ഇരുളഭാഷയിലെ പാട്ടിനൊപ്പം ദവിൽ, പൊറെയ്, പീക്കി, ജാലറ എന്നീ ഉപകരണങ്ങൾ ഉപയോഗിക്കുന്നു.

**മലപ്പുലയ ആട്ടം**

ഇടുക്കി ജില്ലയിലെ മലപ്പുലയൻ വിഭാഗക്കാരുടെ പരമ്പരാഗത നൃത്തരൂപമാണ് ആട്ടം. പുരുഷൻമാരും സ്ത്രീകളും ഒരുമിച്ച് ചേർന്നാണ് മലപുലയ ആട്ടം ആടുന്നത്. വിശേഷ ദിവസങ്ങൾ ആഹ്ലാദകരമാക്കുവാനാണ് പ്രധാനമായും ഈ നൃത്തം അവതരിപ്പിച്ചിരുന്നത്. കിടിമുട്ടി, ഉറുമി തുടങ്ങിയ വാദ്യോപകരണങ്ങളുടെ സഹായത്തോടെ അവതരിപ്പിക്കുന്ന ഈ നൃത്തത്തിൽ പാട്ടുകൾ പാടുന്നില്ല. താളവാദ്യങ്ങളുടെ അകമ്പടിയോടുകൂടി മാത്രമാണ് ആട്ടം അവതരിപ്പിക്കുന്നത്. പാട്ടില്ലാതെ ഉപകരണതാളത്തിനനുസരിച്ച് ചുവടുകൾ വെയ്ക്കുന്നു. താളത്തിനനുസരിച്ച് കൈകൊട്ടിയും ശരീരം വേഗത്തിൽ ചലിപ്പിച്ചും ശരീരം ആഞ്ഞും ഉറച്ച കാലുകളോടെ നൃത്തം ചെയ്യുന്നു. ചിലപ്പോൾ കോൽ തട്ടിയും നൃത്തം ചെയ്യാറുണ്ട്. ആദ്യകാലത്തെ ഇല. മരത്തോൽ എന്നീ പരമ്പരാഗത വേഷങ്ങൾക്ക് പകരം തലകെട്ട്, മുണ്ട്, ബനിയൻ എന്നിവ പുരുഷൻമാർ വേഷമായി ധരിക്കുന്നു. ഒറ്റച്ചേലകൊണ്ടുള്ള 'കുറകെട്ട'ാണ് സ്ത്രീകളുടെ വേഷം.

## പളിയ നൃത്തം

ഇടുക്കി ജില്ലയിലെ കുമിളിയിൽ താമസിക്കുന്ന പളിയ ഗോത്രവിഭാഗത്തിന്റെ തനത് നൃത്തകലാരൂപമാണിത്. സ്ത്രീകളും പുരുഷൻമാരും ഒത്തു ചേർന്ന് ആടുന്ന ഈ നൃത്തം പളിയരുടെ അമ്മദൈവമായ എളാത്ത് പളിച്ചിയമ്മയെ സ്തുതിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്. പ്രകൃതിയെ ആരാധിച്ചു മഴ വരുത്തുവാനും കൃഷിയെ രക്ഷിക്കാനായും കൃഷി നശിപ്പിക്കുന്ന ദുഷ്ടന്മാരെ നശിപ്പിക്കാനും രോഗത്തിൽ നിന്നും ശാന്തി ലഭിക്കുവാനും പ്രാർത്ഥനാപൂർവ്വം പളിയർ നൃത്തം ആടുന്നു. കാട്ടിലെ എളാത്തു പളിച്ചിയമ്മ സ്ഥാനത്ത് നിന്ന് പൂജ ചെയ്ത മണ്ണുകൊണ്ടുവന്നു മാരിയമ്മയമ്പലത്തിൽ സമർപ്പിച്ചാണ് പളിയ നൃത്തം ആരംഭിക്കുന്നത്. കാട്ടിലും കോവിലിലും വെച്ചു തെളിഞ്ഞ ഭക്തിയോടെ ഇവർ നൃത്തമാടുന്നു. മനോഹരമായ പളിയ ഭാഷാപ്പാട്ടുകളോടൊപ്പം കൂട്ടുപകരണങ്ങളായി നഗാര, ഉറുമി, ഉടുക്ക്, മുളംചെ, ജലങ്ക, ജാലറൈ എന്നിവ ഉപയോഗിക്കുന്നു. ആദ്യകാലത്ത് ഇഞ്ചകൊണ്ടും തൊപ്പിമരം ചതച്ചുംകൊണ്ടുള്ള വസ്ത്രങ്ങളും രാമക്കല്ലുമുഖത്തെഴുതുകയും തേക്കുനീരാൽ ചുവപ്പുനിറം ഉണ്ടാകുകയും ചെയ്തിരുന്നു. ചടുലവും വേഗവുമായ കൈകാൽ ചലനങ്ങൾ പളിയ നൃത്തത്തെ അത്യാകർഷകമാക്കുന്നു.

## മംഗലംകളി(മങ്ങലംകളി)

കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ ഗോത്രവിഭാഗക്കാരായ മാവിലൻ, മലവേട്ടുവൻ സമുദായങ്ങൾ മംഗളകർമ്മങ്ങളുടെ സമയത്ത് നടത്തിവരുന്ന നൃത്തമാണിത്. കല്യാണക്കളി എന്നും ഇത് അറിയപ്പെടുന്നു. വൃത്താകൃതിയിൽ നിന്നും സ്ത്രീകളും പുരുഷന്മാരും ചുവടുവെച്ച്, വട്ടം തിരിഞ്ഞ് നൃത്തം ചെയ്യുന്നു. തുളുഭാഷ ഏറിയ മാവിലഭാഷയിലെ മങ്ങലംകളിപ്പാട്ടുകൾ മനോഹരവും കഥയുള്ളതുമാണ്. ഓരോ പാട്ടിലും ഗോത്രവർഗ്ഗ ജീവിതത്തിന്റെ യഥാർത്ഥ പരിസരവും ദുഃഖവും സന്തോഷവും നിത്യജീവിതരാഗങ്ങളും കാണാം. തുടിയാണ് പ്രധാന വാദ്യോപകരണം. തങ്ങളുടെ ജന്മിമാരോടുള്ള വിധേയത്വം

കാണിക്കുവാൻ വിവാഹസന്ദർഭത്തിൽ വധുവുമൊത്ത് ജന്മിയുടെ വീട്ടിലെത്തി മംഗലംകളി നടത്തുന്നു. കളിക്കുശേഷം ആ വിവാഹത്തിനു ജന്മി അംഗീകാരം നൽകുന്നു. മാവിലരുടെ പരമ്പരാഗത വസ്ത്രമായ കുണ്ടാച്ചും കല്ലുമാലയും പാളത്തൊപ്പിയും ധരിച്ചാണ് മംഗലംകളി നടത്തുന്നത്.

## പണിയനൃത്തം (വട്ടക്കളി, കമ്പളക്കളി)

വയനാട് ജില്ലയിലെ പണിയ വിഭാഗക്കാരുടെ തനത് കലാരൂപങ്ങളാണ് വട്ടക്കളിയും കമ്പളക്കളിയും. വൃത്താകൃതിയിൽ നിന്നുകൊണ്ട് ചുവടുവയ്ക്കുന്നതിനാലാണ് വട്ടക്കളിക്ക് ആ പേര് വന്നത്. വിശേഷ അവസരങ്ങളിലും ഒഴിവു സമയങ്ങളിലും പണിയ കുടിലുകളിൽ വട്ടക്കളി അവതരിപ്പിക്കപ്പെടാറുണ്ട്. മൂന്നു പുരുഷൻമാർ ചേർന്ന് കൊട്ടുന്ന തുടിയുടെ താളത്തിൽ സ്ത്രീകൾ ചുവടു വെക്കുന്നതാണ് ഇതിന്റെ രീതി. ചീനി ഊത്തിൽ വിദഗ്ധനായ മറ്റൊരാളും ഉണ്ടായിരിക്കും. മരണാനന്തര ചടങ്ങുകളിൽ ഒഴികെ മറ്റവസരങ്ങളിൽ സ്ത്രീകളാണ് വട്ടക്കളി കളിക്കാറുള്ളത്. കളിയുടെ സമയത്ത് സ്ത്രീകൾ നിരവധി പാട്ടുകൾ പാടാറുണ്ട്. കുഴലൂത്തുകാരനെയോ തുടികൊട്ടുന്നയാളെയോ അല്ലെങ്കിൽ കൂടെ കളിക്കുന്ന മറ്റൊരു സ്ത്രീയെയോ കളിയാക്കിയുള്ള പാട്ടുകളായിരിക്കും മിക്കവയും. വീടുകളിൽ മാത്രം കളിച്ചിരുന്ന വട്ടക്കളി ഇന്ന് വേദികളിൽ അവതരിപ്പിക്കുന്നുണ്ട്.

വയൽപണി(കമ്പളം) സമയത്ത് അവതരിപ്പിച്ചിരുന്ന നൃത്തരൂപമാണ് കമ്പളകളി. ഞാറ് പറിക്കുമ്പോഴും നടുമ്പോഴും പുരുഷൻമാർ കൊട്ടുന്ന തുടിയുടെ താളത്തിൽ സ്ത്രീകൾ ജോലി ചെയ്യുന്നു. തുടിയുടെയും ചീനിയുടെയും ശബ്ദം സ്ത്രീകൾക്ക് കുടുതൽ ഊർജ്ജം നൽകുകയും ജോലി ആയാസരഹിതമാക്കുകയും ചെയ്യുന്നു. പണിയരെ കൂടുതൽ പണിയെടുപ്പിക്കുന്നതിന് ജന്മിമാർ ഈ മാർഗ്ഗം ഉപയോഗിച്ചിരുന്നു. ഒറ്റ ദിവസം കൊണ്ട് മൂന്നും നാലും വയലുകൾ ഈ രീതിയിൽ നട്ടുതീർക്കാറുണ്ട്. ജന്മിത്ത സമ്പ്രദായം അവസാനിച്ചതുകൊണ്ടും നാട്ടിൽപ്പണി കുറഞ്ഞതുകൊണ്ടും തന്നെ

കമ്പളകളി ഇന്ന് വയലുകളിൽ അവതിരിപ്പിക്കേണ്ടി വരാറില്ല. കമ്പളക്കളിയിലെ പാട്ടുകളും തുടി കൊട്ടുകാരനെയോ കുഴലൂത്തുകാരനെയോ കളിയാക്കിയുള്ളവയാണ്.

വീടുകളിലും വയലുകളിലും കളിക്കുന്നതുകൊണ്ടുതന്നെ വട്ടക്കളിക്കും കമ്പളകളിക്കും പ്രത്യേകിച്ച് വേഷമില്ല. എങ്കിലും ഈ കലാരൂപങ്ങൾ വേദികളിൽ അവതരിപ്പിക്കുന്ന അവസരത്തിൽ പരമ്പരാഗത വേഷവും ആഭരണങ്ങളുമാണ് ഉപയോഗിക്കുന്നത്. നീളം കൂടിയ ചേല ശരീരത്തിൽ ചുറ്റി അതിന്റെ രണ്ടറ്റങ്ങൾ മുന്നിലൂടെയും പിന്നിലൂടെയും എടുത്ത് വലതുവശത്ത് നെഞ്ചിന്റെ മുകളിലായി കെട്ടുന്നതാണ് സ്ത്രീകളുടെ വേഷം. അരയിൽകെട്ടുന്ന തുണിയാണ് 'അരാട്ടി'. കറുപ്പും ചുവപ്പും നിറത്തിലുള്ള അരാട്ടികൾ ധരിക്കാറുണ്ട്. വാട്ടിച്ചുരുട്ടിയെടുത്ത ഓല, കുന്നിക്കുരുകൊണ്ട് നിർമ്മിച്ച ചൂതുമണി, മുരുളെ എന്നിവ കാതിലണിയുന്ന ആഭരണങ്ങളാണ്. കഴുത്തിലണിയുന്ന മുടെചുളു, കുറിക്കല്ലെ, നാണയതുട്ടുകൾ ചേർത്ത് കെട്ടുന്ന ബളളികല്ലെ, താലിക്കല്ലെ എന്നിവയും ധരിക്കാറുണ്ട്. മുണ്ടാണ് പുരുഷൻമാരുടെ വേഷം.